'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൂമി സ്വകാര്യ വ്യക്തിയിൽനിന്നും നിന്നും 25 വർഷത്തേയ്ക്ക് പാട്ടത്തിനെടുത്തുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് കാലടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1145/2019/LSGD തീയതി, തിരുവനന്തപുരം, 03/06/2019

---

പരാമർശം:- 1 കാലടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.07.2018-ലെ A3- 8725/17നമ്പർ കത്ത്

2 കാലടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.4.2019-ലെ 6(2) നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

കാലടി ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ ചെമ്പിച്ചേരിയിലുള്ള പഞ്ചായത്ത് വക ഡംപിങ് യാർഡിലാണ് വർഷങ്ങളായി പഞ്ചായത്തിലെ ജൈവ അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി വേർതിരിക്കപ്പെടാതെ നിക്ഷേപിച്ചു വരുന്നത്. പ്രസ്തുത മാലിന്യം ആറു മാസത്തിനകം നീക്കം ചെയ്യാൻ ബഹു.ഹൈക്കോടതി ഉത്തരവിട്ടിരുന്നു. ഈ സാഹചര്യത്തിൽ സ്വകാര്യ വ്യക്തിയിൽ നിന്നും പാട്ടത്തിനെടുക്കുന്ന ഭൂമിയിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം (മാലിന്യ സംസ്കരണ പ്ലാൻറ്, തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റ്, മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ചുറ്റുമതിൽ ഉടങ്ങിയവ) സ്ഥാപിക്കാവുന്നതാണെന്ന സർവ്വകക്ഷിയോഗത്തിന്റെ തീരുമാനം കാലടി ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിരുന്നു. ശാസ്ത്രീയ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് കാലടി ഗ്രാമപഞ്ചായത്ത് കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

വില്ലേജ് - കാലടി

ബ്ലോക്ക് - 26

മൊത്തം ഭൂമി - 4 ഏക്കർ 20 സെന്റ്

സർവ്വേ നം. - റീ സർവ്വേ നമ്പർ 366/3,4,8,9,10,12 & 368/8,9,10,11,12

ബി.റ്റി.ആർ പ്രകാരം വസ്തുവിൻറെ തരം - നിലം

ഇപ്പോഴത്തെ ഉടമസ്ഥർ - കണിച്ചായി ഇട്ടീര മകൻ ജോസഫ്, ഭാര്യ ലിസ് ജോസഫ്

നിലവിലെ സ്ഥിതി - കളിമണ്ണ് ഖനനത്തിന് ശേഷം ഉപയോഗശൂന്യമായി കിടക്കുന്നു.

2) സ്വകാര്യ വ്യക്തിയുടെ പ്രസ്തുത ഭൂമി പാട്ടത്തിനെടുത്ത് ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം (മാലിന്യ സംസ്കരണ പ്ലാൻറ്, തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റ്, മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ചുറ്റുമതിൽ തുടങ്ങിയവ) സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്ന് കാലടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാലടി ഗ്രാമപഞ്ചായത്തിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം (മാലിന്യ സംസ്കരണ പ്ലാൻറ്, തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റ്, മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ചുറ്റുമതിൽ തുടങ്ങിയവ) സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൂമി മാത്രം, മേൽ പരാമർശിച്ചിരിക്കുന്ന ഭൂമിയിൽ നിന്നും 25 വർഷത്തേയ്ക്ക്, പരിവർത്തനാനുമതി ലഭ്യമാക്കി നിയമപ്രകാരം നികത്തിയെടുത്ത് പ്രസ്തുത ആവശ്യത്തിനായി ഉപയോഗിക്കാൻ കഴിയുന്നതാണെങ്കിൽ, സ്വകാര്യ വ്യക്തിയിൽ നിന്ന് പാട്ടത്തിനെടുത്തുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് കാലടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
SPECIAL SECRETARY

പ്രസിഡന്റ്/ സെക്രട്ടറി കാലടി ഗ്രാമ പഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി&എസ്.എസ്.എ/ ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്